LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങളം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

42 (196) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും സഹകരണം വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2005-06 വർഷത്തിൽ സംസ്ഥാനത്ത് പുതുതായി എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങളം നിയോജകമണ്ഡലത്തിൽ എത്ര അംഗൻവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ :

(സി) പുതുതായി അനുവദിച്ച അംഗൻവാടികൾ എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 3558 അംഗൻവാടികൾകൂടി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിക്കപ്പെട്ട 3258 അംഗൻവാടികൾ ജില്ല/പ്രോജക്ട് അടിസ്ഥാനത്തിൽ എണ്ണം തിട്ടപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതുതായി അംഗൻവാടികൾ അനുവദിച്ച് നൽകുന്ന നടപടി പൂർത്തിയാവാത്തതിനാൽ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ഇപ്പോൾ ലഭ്യമല്ല.

(സി) കേന്ദ്ര സർക്കാർ പുതുതായി അനുവദിച്ച എല്ലാ അംഗൻവാടികളും 30-6-2006-നു മുമ്പ് പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് കൈത്തറി, കശുവണ്ടി ഫാക്ടറികൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

43 (197) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. തോമസ് ചെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും സഹകരണം വകുപ്പുമന്ത്രി മറുപടി നൽകുമോ :

പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കശുവണ്ടി എന്നിവ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കശുവണ്ടി എന്നിവ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്